ഫോൺ നമ്പർ:0484-2101485
0484-2342485, 0484-2346091
ഇമെയിൽ: ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017

**No. A1-3385/2022** **തീയ്യതി : 13-02-2024**

## സർക്കുലർ

വിഷയം:- കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് - മഹല്ലുകളിൽ ഊരുവിലക്ക് എന്ന പേരിൽ നടക്കുന്ന അപരിഷ്കൃത/നിയമ വിരുദ്ധ നടപടികൾ നിരോധിച്ചു കൊണ്ട് വ്യക്തവും കർശനവുമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1. 25-01-2024, 02-02-2024 എന്നീ തീയ്യതികളിലെ റവ-എഫ്1/120/2022- റവ നമ്പർ സർക്കാർ കത്തുകൾ.
2. 06-02-2024-ൽ വഖ്ഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. 13-02-2024-ലെ ബോർഡ് യോഗ തീരുമാനം.

കേരളത്തിലെ വിവിധ മഹല്ലുകളിൽ പ്രാദേശികമായി ചില വിഭാഗങ്ങളുമായി / വ്യക്തികളുമായി ഉണ്ടാകുന്ന തർക്കങ്ങളുടെ പേരിൽ വിവിധ രീതിയിലുള്ള നിയമ വിരുദ്ധ തീരുമാനങ്ങൾ മഹല്ല് ഭാരവാഹികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വഖ്ഫ് ബോർഡ് മുമ്പാകെ പരാതികൾ ലഭിക്കുന്നുണ്ട്. ഇപ്രകാരമുള്ള നിയമ വിരുദ്ധ തീരുമാനങ്ങളിൽ ചിലത് ഊരുവിലക്ക് പ്രഖ്യാപിക്കൽ, വിവാഹ രജിസ്ട്രേഷൻ തടയൽ, മയ്യിത്ത് മറവ് ചെയ്യുന്നതിൽ വിലക്ക് കൽപ്പിക്കുക, മദ്രസ വിദ്യാഭ്യാസം നിഷേധിക്കുക, മഹല്ല് അംഗത്വം നിഷേധിക്കുക/റദ്ദാക്കുക തുടങ്ങിയവയാണ്.

മഹല്ല് ഭാരവാഹികളുടെ ഇത്തരത്തിലുള്ള നിയമവിരുദ്ധ തീരുമാനങ്ങൾ ടി വഖ്ഫുകളിൽ നിലനിൽക്കുന്ന ബൈലോ പ്രകാരമാണ് എന്ന അവകാശവാദത്തോടെയാണ് കൈക്കൊള്ളുന്നത്. മേൽ പ്രകാരം വിഷയങ്ങളിൽ വഖ്ഫ് ബോർഡിൽ ലഭ്യമാകുന്ന പരാതികളിന്മേൽ താമസംവിനാ ഇരുകൂട്ടരേയും കേട്ട് വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തും വ്യക്തവും കർശനവുമായ പരിഹാര ഉത്തരവുകൾ നൽകുന്നതിൽ ബോർഡ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. എന്നിരുന്നാലും അങ്ങോളമിങ്ങോളം ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതികൾ ആവർത്തിക്കപ്പെടുന്നതിനാൽ സമ്പൂർണ്ണവും സമഗ്രവുമായ പ്രശ്ന പരിഹാരം ഉദ്ദേശിച്ചാണ് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഭരണഘടനയിലെ മൗലിക അവകാശങ്ങളിൽ ഉൾപ്പെടുത്തി പാർലമെന്റ് പാസാക്കിയ നിലവിലെ നിയമത്തിനും ബഹു. കേരള ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങൾക്കും വഖഫ് ആക്ട് / ചട്ടം എന്നിവക്കും വിരുദ്ധമാണെന്നതിനാൽ ഓരോ മഹല്ല് ഭാരവാഹികളും തങ്ങളുടെ സ്ഥാപനത്തിൽ നിലനിൽക്കുന്ന ബൈലോകൾ പരിശോധിച്ച് അത്തരം പരാമർശങ്ങൾ

ഉള്ള പക്ഷം എത്രയും പെട്ടെന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

നിയമാവലി അല്ലാതെയോ പൊതുയോഗം / കമ്മിറ്റിയുടെ തീരുമാനമോ അനുസരിച്ച് രേഖാപരമായോ രേഖയില്ലാതെയോ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ പാടില്ലാത്തതാണ്. ഇത്തരം നിയമ വിരുദ്ധ തീരുമാനങ്ങൾ ഉണ്ടാവാതിരിക്കാൻ ഓരോ ഭാരവാഹിയും പ്രത്യേകം ശ്രദ്ധാലുവായിരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം വഖഫ് നിയമം 61-ാം വകുപ്പ് പ്രകാരം പ്രോസിക്യൂഷൻ നടപടികൾക്ക് വിധേയരാകേണ്ടി വരുന്നതാണ്. ആയതിനാൽ ഓരോ മഹല്ല് ഭാരവാഹിയും തങ്ങളുടെ മഹല്ലുകളിൽ ബൈലോ നില നിൽക്കുന്ന പക്ഷം ആയത് മേൽപ്രകാരമുള്ള നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായ എന്തെങ്കിലും നിഷ്കർഷകൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും അപ്രകാരം കണ്ടെത്തുന്ന പക്ഷം ആയത് നീക്കം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് വഖഫ് ബോർഡ് നിർദ്ദേശിക്കുന്നു.

രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായ തീരുമാനങ്ങളോ, പ്രവർത്തികളോ കേരള സംസ്ഥാനത്തെ വഖ്ഫുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത് പൂർണ്ണമായും തടയുകയെന്ന ഉദ്ദേശത്തോടെയും നിയമങ്ങളുടേയും ചട്ടങ്ങളുടേയും കാര്യത്തിൽ അവബോധം വളർത്തുന്നതിനും വേണ്ടിയുമാണ് വഖ്ഫ് ബോർഡ് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. മേലിലും ഏതെങ്കിലും വഖ്ഫുകളിലെ ബൈലോയിൽ നിയമ വിരുദ്ധമായ ഇത്തരം കാര്യങ്ങളിന്മേലുള്ള പരാമർശം നീക്കം ചെയ്യപ്പെടാതെ നിലനിൽക്കുന്ന പക്ഷം ആയവ മാത്രം ഈ സർക്കുലറിന്റെ വെളിച്ചത്തിൽ അസാധുവാകുന്നതാണെന്നും അറിയിക്കുന്നു. ഈ സർക്കുലർ കൃത്യമായി പാലിക്കുന്നതിന് ഓരോ വഖ്ഫ് ഭാരവാഹിയും പൂർണ്ണമായും ഉത്തരവാദിയായിരിക്കുമെന്നും അറിയിക്കുന്നു.

THE KERALA STATE WAQF BOARD COCHIN 682017 ERNAKULAM

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**